(സി,ഡി) എലിപ്പനിമൂലം അസുഖം ബാധിച്ചവർക്ക് ചികിത്സ ലഭ്യമാണ്. എന്നാൽ ഈ അസുഖത്താൽ മരണമടഞ്ഞ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നല്കാനുള്ള പദ്ധതി ആരോഗ്യവകുപ്പിൽ ഇല്ല.

145(167) പോളിയോ നിർമ്മാർജ്ജന പരിപാടി

ശ്രീ. ടി.കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) സംസ്ഥാനത്ത് പോളിയോ രോഗം വീണ്ടും പ്രത്യേക്ഷപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) പോളിയോ നിർമ്മാർജ്ജനത്തിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ?

ഉത്തരം

(എ,ബി) ഉണ്ട്. മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ ഒന്നേമുക്കാൽ വയസ്സുള്ള അസിഫ് എന്ന കുട്ടിയ്ക്ക് പോളിയോ രോഗം ബാധിച്ചതായി സ്ഥിരീകരിച്ചിട്ടുണ്ട്.

(സി) അഞ്ചു വയസ്സിൽ താഴെയുള്ള എല്ലാ കുട്ടികൾക്കും ഒരേ ദിവസം പോളിയോ തുള്ളിമരുന്ന് ഡിസംബർ-ജനുവരി മാസങ്ങളിൽ 1995 മുതൽ നല്കിവരുന്നു. ഇതിൽ വിട്ടുപോയ കുട്ടികൾക്ക് അടുത്തദിവസം തന്നെ വീട്ടിൽ കൊണ്ടുപോയി പോളിയോ തുള്ളി മരുന്നു നല്കിവരുന്നു. കൂടാതെ അഞ്ചു വയസ്സിനു താഴെയുള്ള എല്ലാ കുട്ടികൾക്കും പോളിയോ തുടങ്ങിയ രോഗങ്ങൾക്കെതിരെയുള്ള രോഗപ്രതിരോധ നടപടികൾ എല്ലാ ആശുപത്രികളിലൂടെയും നടത്തിവരുന്നു.

146(169) സ്കൂൾകുട്ടികൾക്ക് ചിക്കൻപോക്സിനെതിരെ വാക്സിൻ

ശ്രീ. എൻ. കണ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങൾ മുഖേന സ്കൂൾകുട്ടികൾക്ക് ചിക്കൻപോക്സിനെതിരെ വാക്സിൻ എടുക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏത് ഏജൻസി മുഖേനയാണ് ഇത് നടപ്പാക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) ചിക്കൻപോക്സ് വാക്സിന് ഫീസ് ചുമത്തുന്നുണ്ടോ;

(ഡി) എങ്കിൽ ഒരു ഡോസ് വാക്സിന് എന്തു തുകയാണ് ചുമത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) വാക്സിൻ ഇപ്പോൾ നല്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

147(172) ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി

ശ്രീ കെ.ടി.കുഞ്ഞിമുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെ കീഴിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഈ ഒഴിവുകൾ നികത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഹെൽത്ത് ഇൻസ്പെക്ടർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ഇ) എങ്കിൽ അതിന്റെ കാലാവധി എന്നവസാനിക്കും; അതിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മൂന്ന്.

(ബി) കാസർഗോഡ് - മൂന്ന്.

(സി) 21-11-2000 ൽ നിലവിലുണ്ടായിരുന്ന ലഭ്യമായ എല്ലാ ഒഴിവുകളിലുമായി 63 പേർക്ക് ഹെൽത്ത് ഇൻസ്പെക്ടറായി പ്രൊമോഷൻ നല്കിയിട്ടുണ്ട്. നവംബർ 2000 ന് ശേഷം ലഭ്യമായ മൂന്നു ഒഴിവുകളാണ് മേൽ കൊടുത്തിട്ടുള്ളത്.

(ഡി) ഇല്ല.

(ഇ) ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - തസ്തികയിൽ നിന്നും സീനിയോറിറ്റി പ്രകാരം പ്രൊമോഷൻ നല്കിയാണ് നിയമനം നടത്തുന്നത്.

148(175) കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

ശ്രീ. പി.വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിലെ മേലടി പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആയി മാറ്റാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ മണ്ഡലത്തിലെ തിരുവങ്ങൂർ പി.എച്ച്.സി.യിൽ അത്യാഹിതവിഭാഗം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മേലടി ഹെൽത്ത്സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുന്നതിനുള്ള നിർദ്ദേശം കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറിൽ

LIBRARY ARCHIVES Kerala Legislative Assembly